**<u>മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി നടത്തിവരുന്ന ഐ. ഇ. സി പ്രവർത്തനങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 17.11.2023 നടന്ന യോഗത്തിന്റെ മിനിട്സ്</u>**

യോഗത്തിൽ പങ്കെടുത്തവർ:

1. ശ്രീ. ജഗജീവൻ. എൻ, ക്യാമ്പയിൻ കൺസൽട്ടന്റ് , ശുചിത്വ മിഷൻ

2. ശ്രീ. ലത്തീഫ് ,ഐ ഇ സി ,കെ.എസ്.ഡബ്ല്യൂ.എം.പി

3. ശ്രീ. രവികൃഷ്ണൻ പി കെ , ക്യാമ്പയിൻ കോർഡിനേറ്റർ,ശുചിത്വ മിഷൻ

4. ശ്രീ. അനിൽ കുമാർ എൻ. വി, കൺസൽട്ടൻറ് ,കെ.എസ്.ഡബ്ല്യൂ.എം.പി

5. ശ്രീ. സി. പി വിനോദ്, സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി, എൽ. എസ്. ജി. ഡി

6. ശ്രീ.ഗോകുൽ, ഐ. ഇ. സി എക്സ്പേർട്ട്, ശുചിത്വ മിഷൻ

7.ശ്രീ. എബ്രഹാം തോമസ് രഞ്ജിത്ത് , പ്രോഗ്രാം ഓഫീസർ ഐ. ഇ. സി, ശുചിത്വ മിഷൻ

8.ശ്രീമതി.നേഹ കുര്യൻ,പ്രോഗ്രാം കോർഡിനേറ്റർ, ലീഗൽ റിസോഴ്സ് സെന്റർ, കില

9.ശ്രീമതി. സുഹാന .ആർ.എച്ച്, പ്രൊജക്റ്റ് അസിസ്റ്റന്റ്, സി.ബി.ശുചിത്വ മിഷൻ

10.ശ്രീമതി. ആര്യ. സി. വി, ആർ. പി,ശുചിത്വ മിഷൻ

11..ശ്രീ. ഹരികൃഷ്ണൻ കെ , ആർ. പി,ശുചിത്വ മിഷൻ

12.ശ്രീ.ആരോമൽ, നിയമ ഇന്റേൺ ,കില

13. ശ്രീ അനിൽ കുമാർ ആർ, ഹെഡ് അക്കൌണ്ടൻറ് , എൽ. എസ്. ജി. ഡി

മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ്റെ ഭാഗമായി നടന്നുവരുന്ന ഐ. ഇ. സി. പ്രവർത്തനങ്ങൾ സംബന്ധിച്ച് ക്യാമ്പയിൻ കൺസൽട്ടന്റ് ശ്രീ. ജഗജീവൻ ആമുഖമായി പറഞ്ഞു. ഐ. ഇ. സി പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ ശ്രീമതി സുഹാന അവതരണം നടത്തി. അവതരണത്തിൽ മാലിന്യ മുക്തം നവകേരളവുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ, കെ.എസ്.ഡബ്ല്യൂ.എം.പി യുടെ സാമൂഹ്യ മാധ്യമ പേജുകളുടെ നിലവിലെ സാധ്യതകളും പരിമിതികളും ചർച്ചക്കായി അവതരിപ്പിച്ചു. മാറ്റം തീം സോങ് പ്രചാരണ സാധ്യതകൾ, സർക്കാർ ഉത്തരവുകൾ കൃത്യമായി ജനങ്ങളിലേക്കും ജനപ്രതിനിധികളിലേക്കും ഉദ്യോഗസ്ഥരിലേക്കും

എത്തിക്കുന്നതിനായി പുതിയ മാർഗ്ഗങ്ങൾ അനിവാര്യമായിട്ടുണ്ട്. ഉള്ളടക്കങ്ങൾ തയ്യാറാക്കുന്നതിലും സ്വീകരിക്കേണ്ട നൂതനവും വ്യത്യസ്തവുമായ സമീപനവുംസംബന്ധിച്ച് ശ്രീ. വിനോദ് സംസാരിച്ചു. ഐ. ഇ. സി വാഹകരായി ഹരിതകർമസേനയെ വളർത്തിയെടുക്കുവാനും, ജനങ്ങളിലേക്ക് ക്യാമ്പയിനിന്റെ നേട്ടങ്ങൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിയണമെന്ന് ശ്രീ. ഗോകുൽ അഭിപ്രായപ്പെട്ടു.

ശ്രീ.ലത്തീഫ് കെ.എസ്.ഡബ്ല്യൂ.എം.പി യുടെ ഭാഗമായി ചർച്ചചെയ്യപ്പെടുന്ന ഐ. ഇ. സി നിർദ്ദേശങ്ങളും യോഗത്തിൽ പങ്കുവെച്ചു. എം. സി. എഫ്, കമ്യൂണിറ്റി കമ്പോസ്റ്റ് തുടങ്ങിയവയിൽ മാലിന്യമുക്ത സദസ്സുകൾ, കുട്ടികൾക്കായി മാലിന്യ പരിപാലന പാഠശാലകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങളെ എങ്ങനെ ഐ. ഇ. സി ആക്കി മാറ്റാം എന്ന് ശ്രീ ജഗജീവൻ അഭിപ്രായപ്പെട്ടു. സംസ്ഥാന തലത്തിൽ ഐ. ഇ. സിപരിശീലന പരിപാടി ശുചിത്വ മിഷൻ ആർ.പി, വൈ.പി, ഐ. ഇ. സി ഇന്റേൺസ് ,കെ.എസ്.ഡബ്ല്യൂ.എം.പി, കുടുംബശ്രീ, ഹരിതകേരളം മിഷൻ തുടങ്ങിയവയുടെ ഐ. ഇ. സി വിഭാഗവും ചേർന്ന് സംഘടിപ്പിക്കാൻ തീരുമാനമായി.

ചുമതലകൾ:

- ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ കെ. എസ്. ഡബ്ല്യൂ. എം. പി , കുടുംബശ്രീ, ക്ലീൻ കേരള കമ്പനി എന്നിവരെ ഏകോപിപ്പിച്ചുകൊണ്ട് ഐ. ഇ. സി പ്രവർത്തനങ്ങൾ മുന്നോട്ട് നീക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് . ഇതിനായി ബന്ധപ്പെട്ട ഏജൻസികളുടെ പ്രതിനിധികളുമായി യോഗം ചേരുന്നതിനും തീരുമാനിച്ചു.

  ചുമതല : ശ്രീ. രവികൃഷ്ണൻ പി കെ, ക്യാമ്പയിൻ സെക്രട്ടറിയേറ്റ്.

- സർക്കാർ ഉത്തരവുകളുടെ പ്രധാനഭാഗങ്ങൾ വിവിധതരം ഐ.ഇ.സികളാക്കി lസാമൂഹികമാധ്യമങ്ങളിലൂടെ കൂടുതൽ ആളുകളിലേക്ക് എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക. നിലവിൽ കിലയുടെ വെബ് പേജിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഉത്തരവുകളും സർക്കുലറുകളും മാർഗ്ഗനിർദ്ദേശങ്ങളും ഒറ്റനോട്ടത്തിൽ പെട്ടെന്ന് മനസ്സിലാക്കുന്ന തരത്തിലുള്ള ക്രമീകരണം കിലയുടെ വെബ്സൈറ്റിൽ വരുത്തേണ്ടതുണ്ട്. ഇതോടൊപ്പം ഉത്തരവുകളുടെ വിവരങ്ങൾ ലഘു വീഡിയോകളാക്കി പൊതുസമൂഹത്തിലേക്ക് എത്തിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

  ചുമതല : കില